**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6296** **07.11.2016 ൽ മറുപടിയ്ക്ക്**

**<u>സ്പോർട്സ് ബൈക്കുകൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | | **ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് 'സ്പോർട്സ് ബൈക്ക്' ഗണത്തിൽപ്പെട്ട വാഹനങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നുണ്ടോ; സ്പോർട്സ് ബൈക്കിന്റെ നിർവചനം വ്യക്തമാക്കുമോ; നിലവിൽ ഏതൊക്കെ ഇനം വാഹനങ്ങളാണ് ഈ ഗണത്തിൽ പെടുന്നതെന്ന് അറിയിക്കുമോ; | (എ) | നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളിലോ, ചട്ടങ്ങളിലോ സ്പോർട്സ് ബൈക്കിന് നിർവചനം നൽകിയിട്ടില്ല. ഇത്തരം ഗണത്തിൽ ഉൾപ്പെടുത്തി വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല. മോട്ടോർ സൈക്കിൾ വിത്ത് ഗിയർ, മോട്ടോർ സൈക്കിൾ വിത്തൗട്ട് ഗിയർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയാണ് ഇരുചക്രവാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. |
| (ബി) | സ്പോർട്സ് ബൈക്കുകൾ പൊതുനിരത്തുകളിൽ ഉപയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | സ്പോർട്സ് ബൈക്ക് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വാഹനങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്യാത്തതിനാൽ ഇത്തരം വാഹനങ്ങൾക്ക് പ്രത്യേക നിയന്ത്രണങ്ങളും, സുരക്ഷാനടപടികളും നിഷ്കർഷിച്ചിട്ടില്ല. |
| (സി) | സ്പോർട്സ് ബൈക്ക് ഉപയോഗിക്കുന്നവർ പാലിക്കേണ്ട സുരക്ഷാ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**